ചോദ്യം ചെയ്യുന്നില്ല. ചോദ്യം ചെയ്യുന്നത് വേറെ ചില ആളുകളെയാണ്. അതുകൊണ്ട് ആളുകൾക്ക് അവിടെ ജീവിക്കാൻ പറ്റാത്ത പരിതഃസ്ഥിതി ഉണ്ടായിട്ടുണ്ട്. ഒറ്റപ്പെട്ട മലമ്പ്രദേശത്ത് ആളുകൾക്ക് താമസിക്കാൻ കഴിയുകയില്ല. അതുകൊണ്ട് അടിയന്തിരമായി പ്രതികളെ അറസ്റ്റ് ചെയ്യണം. അതിന് പരിഹാരം ഉണ്ടാക്കണം. മൂന്ന് എം. എൽ. എ. മാർ താമസിക്കുന്ന കിഴക്കഞ്ചേരി പഞ്ചായത്തിലാണ് ഇത് നടക്കുന്നത്. ഈ സംഭവസ്ഥലം എന്റെ വീടിന് അടുത്താണ്. അവിടെ ആളുകൾക്ക് വീട്ടിൽ കിടന്നുറങ്ങാൻ നിവൃത്തിയില്ല. രാത്രി പോയി കൊലപ്പെടുത്തുന്നു. ഇതിനു പരിഹാരമുണ്ടാകണം. കുറ്റക്കാരായ പ്രതികളെ ഉടനെ പിടികൂടണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യത്തിന്റെ ഗൗരവസ്വഭാവം മനസ്സിലാക്കിക്കൊണ്ട് തന്നെ അതിനുള്ള നടപടികൾ സ്വീകരിക്കാം. ആ കാര്യത്തിൽ എസ്റ്റേറ്റർ ഉടമസ്ഥനായ സണ്ണിയുടെ കൈവശം റബ്ബർമരം വിറ്റ പണം ഉണ്ടാകുമെന്നുള്ള ധാരണയിൽ ആ പണം കൈവശപ്പെടുത്താൻ ചെന്നു എന്നും ടോർച്ച് ലൈറ്റ് അടിച്ചപ്പോൾ അദ്ദേഹം ഉണർന്നു എന്നും അപ്പോൾ കയ്യിൽ ഉണ്ടായിരുന്ന വെട്ടുകത്തികൊണ്ട് വെട്ടിക്കൊന്നു എന്നുമാണ് റിപ്പോർട്ട്. ഏതായാലും പാലക്കാട് ക്രൈം ഡിറ്റാച്ച്മെന്റ് ആണ് കേസ് അന്വേഷിക്കുന്നത്. അതുസംബന്ധിച്ച് എന്തെങ്കിലും കൂടുതൽ നടപടി ആവശ്യമാണെന്നു വന്നാൽ ക്രൈംബ്രാഞ്ചിനെത്തന്നെ ഏല്പിക്കുന്നതും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. കുറേ മോഷണങ്ങളുടെ കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. അതിനെക്കുറിച്ചെല്ലാം ഉടനെ അന്വേഷിച്ച് മറുപടി പറയാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഏതെല്ലാം കേസുകളെക്കുറിച്ച് അന്വേഷിക്കണമെന്ന് എഴുതിത്തന്നാൽ അതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് വിരോധമില്ല. മെമ്പർ ഉന്നയിച്ച ഈ കേസിനെ സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) ബ്ലേഡുകമ്പനികളുടെമേൽ നിയന്ത്രണം

ശ്രീ. എം. വി. മാണി: സർ, നമ്മുടെ സംസ്ഥാനത്ത് ബ്ലെയ്ഡ് കമ്പനികൾ എന്നറിയപ്പെടുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ അടിയന്തിരമായി നിയന്ത്രിക്കുന്നതിന് വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് പന്തീരായിരത്തോളം സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഏതാണ്ട് 250 കോടി രൂപ ഈ സ്ഥാപനത്തിൽ ആകർഷണീയമായ രീതിയിൽ പലിശ കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തുകൊണ്ട് ഡെപ്പോസിറ്റ് സ്വീകരിച്ചിട്ടുണ്ടെന്നാണ് ഇപ്പോഴത്തെ ഏകദേശ കണക്ക്. നമ്മുടെ സംസ്ഥാനത്ത് പെൻഷൻ പറ്റിയവരും പെണ്ണിനെ കെട്ടിക്കാൻ രൂപയുണ്ടാക്കി വച്ചിരിക്കുന്നവരുമൊക്കെ ഇരുപത്തിയെട്ടും മുപ്പതും, മുപ്പത്തിരണ്ട് ശതമാനവുമൊക്കെ പലിശ കിട്ടുമെന്നുള്ള പരസ്യം കണ്ട് ആ സ്ഥാപനങ്ങളിൽ പണം നക്ഷേപിച്ചിട്ടുണ്ട്. അതിനുശേഷം ഈ പണം വേറെ ദുർവിനിയോഗം ചെയ്തുകൊണ്ടും, എഴുപത്തിരണ്ടും എൺപതും ശതമാനം പലിശയ്ക്ക് വീണ്ടും കൊടുത്തുകൊണ്ടും അവസാനം ഇത് നിക്ഷേപിച്ചവർക്ക് തിരിച്ച് കിട്ടാതെ വരുന്നതുകൊണ്ട് പല കമ്പനികളും ഇന്ന് പൂട്ടി ഉടമസ്ഥർ നാടുവിട്ടിരിക്കുകയാണ്. ജീവിതത്തിൽ ഉണ്ടായിട്ടുള്ള ചെറിയ സമ്പാദ്യ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ ആകർഷണീയമായ പലിശ കിട്ടുമെന്നുള്ള വിശ്വാസത്തോടെ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള പലർക്കും വളരെയധികം ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കണമെന്ന് ഇതിനു മുമ്പും ഈ സഭയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുമുമ്പ് ഈ സ്ഥാപനങ്ങളുടെ നിയന്ത്രണം വ്യവസായ വകുപ്പിന്റെ കീഴിൽ ആയിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ചെക്ക് ചെയ്യാനുള്ള അവകാശം സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെന്റിനു് ആയിരുന്നു. പക്ഷേ അടുത്ത കാലത്ത് അത് ഫിനാൻസ് ഡിപ്പാർട്ട്മെന്റിലേക്ക് മാറിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ സ്ഥാപനങ്ങൾ നിസർവ്വ് ബാങ്കിന്റെ ഇന്നത്തെ നിയമങ്ങൾക്ക് വിരുദ്ധമായി പത്രങ്ങളിൽത്തന്നെ വലിയ പരസ്യങ്ങൾ കൊടുക്കുന്നു. 25% നിക്ഷേപകർക്ക് പലിശ കൊടുക്കുമെന്ന് പറഞ്ഞുകൊണ്ടുള്ള പരസ്യങ്ങളാണ് കൊടുക്കുന്നത്. അടിയന്തിരമായി അത് നിയന്ത്രിക്കണം. നമ്മുടെ മറ്റ് സഹകരണ മേഖലയിലും ഷെഡ്യൂൾഡ് ബാങ്കുകളിലും നാഷണലൈസ്ഡ് ബാങ്കുകളിലും ഡെപ്പോസിറ്റ് വളരെ കുറയുന്നുണ്ട്.

അതുപോലെതന്നെ ഈ രാജ്യത്ത് ആയിരക്കണക്കായ ആളുകളുടെ നിക്ഷേപങ്ങൾ ഇന്ന് നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ കാര്യത്തിൽ അടിയന്തിരമായി പരിഹാരം ഉണ്ടാക്കുന്നതിന് പുറമെ സാധാരണക്കാരായ ജനങ്ങൾക്ക് ചെറിയ വായ്പ കിട്ടുന്നതിന് നമ്മുടെ സഹകരണ സ്ഥാപനങ്ങൾക്കും ബുദ്ധിമുട്ടുണ്ട്. ജനങ്ങൾ ഒരു സ്വർണ്ണപ്പണ്ടം കൊണ്ടു കൊടുത്താൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ 5 പണയമേ ഒരു ദിവസം എടുക്കുകയുള്ളൂ, അതു മാറണം. സ്വർണ്ണ പണയത്തിനെങ്കിലും വരുന്ന തുക ഒരു ആയിരത്തിനോ രണ്ടായിരത്തിനോ വരുന്ന തുകകൾ എല്ലാം നമ്മുടെ സഹകരണ സ്ഥാപനങ്ങളിലും ഷെഡ്യൂൾ ബാങ്കുകളിലും നാഷണലൈസ്ഡ് ബാങ്കുകളിലും കൊടുക്കാനുള്ള സംവിധാനം അടിയന്തിരമായി ഏർപ്പെടുത്തണം. ഈ കാര്യത്തിൽ അടിയന്തിരമായി ഗവൺമെന്റിന്റെ ശ്രദ്ധ പതിയുകയും നിയന്ത്രിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സഹകരണ പണമിടപാടു സ്ഥാപനങ്ങൾ നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളേയും ലംഘിച്ചുകൊണ്ടാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. 1984 ഫെബ്രുവരി 15-ാം തീയതിമുതൽ കേന്ദ്ര പാർലമെന്റ് പാസ്സാക്കിയ നിസർവ്വ് ബാങ്ക് നിയമം അനുസരിച്ച് ഒരു പണമിടപാടു സ്ഥാപനത്തിൽ 25 ആളുകളിൽനിന്നും, ഒന്നിൽ കൂടുതൽ ആളുകൾ ചേർന്ന് നടത്തുന്ന പാർട്ണർഷിപ്പാണെങ്കിൽ 250-ൽ കൂടുതൽ ആളുകളിൽനിന്നും നിക്ഷേപം സ്വരൂപിക്കാൻ പാടില്ല എന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റും നിസർവ്വ് ബാങ്കും ഈ ആക്ട് പാസ്സാക്കുന്നതിന് രണ്ട് വർഷംമുമ്പുതന്നെ വാണിംഗ് നൽകിയിരുന്നു. കേന്ദ്ര ഗവൺമെന്റും നിസർവ്വ് ബാങ്കും വാണിംഗ് നൽകാനുള്ള കാരണം പതിനായിരക്കണക്കിന് നിരപരാധികളായ നിക്ഷേപകർ അവരുടെ നിക്ഷേപത്തിന്, ഉറപ്പില്ലാതെ വരുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ വേണ്ടിയായിരുന്നു. ഒരു സുപ്രധാന നിയമം നടപ്പിലാക്കിക്കഴിഞ്ഞാൽ നിക്ഷേപകരുടെ താല്പര്യങ്ങൾ പരിരക്ഷിക്കാൻ കഴിയുകയില്ലെന്നുള്ളതുകൊണ്ടാണ് നിസർവ്വ് ബാങ്ക് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ഒരു വാണിംഗ് നൽകിയത്. കേന്ദ്ര ഗവൺമെൻറും സംസ്ഥാന ഗവൺമെൻറും വാണിംഗ് നൽകിയിട്ടും അതിനെ വെല്ലുവിളിച്ചു കൊണ്ടാണ് പന്തീരായിരത്തോളം വരുന്ന സ്വകാര്യ ബാങ്കിംഗ് വ്യവസായികളും ഈ സംസ്ഥാനത്ത് വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നത്. റിസർവ്വ് ബാങ്ക് ആക്ടു് അനുസരിച്ച് ലെൻറ് ചെയ്യുന്നതിന് 19.5 ശതമാനത്തിൽ കൂടുതൽ പലിശ കൊടുക്കാൻ പാടില്ല. ബാങ്ക് റേറ് 17.5 എന്നാൽ ഇത് സ്വകാര്യ ബാങ്കിംഗ് വ്യവസായികളും ആയതുകൊണ്ട് രണ്ടുശതമാനംകൂടി അധികം പലിശ കൊടുക്കാനാണ് റിസർവ്വ് ബാങ്ക് നിയമത്തിൽ പറഞ്ഞിട്ടുള്ളത്. 12 ശതമാനത്തിൽ കൂടുതൽ നിക്ഷേപകർക്ക് പലിശ കൊടുക്കാൻ പാടില്ലെന്ന് 58-ൽ പാസ്സാക്കിയ മണിലെൻഡേഴ്സ് ആക്ടിലെ വ്യക്തമായ വ്യവസ്ഥ ഇപ്പോഴും നിലനിൽക്കുകയാണ്. ഇവിടത്തെ പ്രധാനപ്പെട്ട പത്രങ്ങളിൽ പറഞ്ഞിരുന്നത് 30+3 ശതമാനം പലിശ കൊടുക്കുമെന്നാണ്. റിസർവ്വ് ബാങ്ക് പറഞ്ഞിരിക്കുന്ന 19.5 ശതമാനം പലിശ, ഏതെങ്കിലുമൊരു സ്വകാര്യ ബാങ്കുകാരൻ 30 ശതമാനവും 40 ശതമാനവുമൊക്കെ നിക്ഷേപങ്ങൾക്ക് കൊടുത്തു കഴിഞ്ഞാൽ 19.5 ശതമാനത്തിന് ലെൻറ് ചെയ്യുകയില്ലെന്നുള്ളത് വളരെ വ്യക്തമായ വസ്തുതയാണ്. ഇന്നലെ എൻറെ മുന്നിൽ ഒരാൾ വന്നുനിന്ന് കരഞ്ഞു. വഞ്ചിയൂർ ഹെഡ്ഡാഫീസായിട്ടുള്ള ഒരു സ്വകാര്യ ബാങ്കിംഗ് ഇടപാടുകാരൻ. അവർ 40 പേർ ഒരുമിച്ചാണ് വന്നത്. അതിൽ മിക്കവാറും പേരും റിട്ടയേഡ് ഉദ്യോഗസ്ഥൻമാർ ആയിരുന്നു. അവർക്കു കിട്ടിയ പ്രോവിഡൻറ് ഫണ്ടും ഗ്രാറ്റുവിറ്റിയും അടക്കം ഒരാൾ 70,000 രൂപ കൊണ്ടുവന്ന് നിക്ഷേപിച്ചു. ആദ്യം ആറുമാസം അവർ പലിശ കൊടുത്തു. മുതൽ കൊടുത്തിട്ടില്ല. കഴിഞ്ഞ ആറുമാസക്കാലമായി ആ കമ്പനിയുടെ മേൽവിലാസമില്ല. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങളുണ്ട്. റിസർവ് ബാങ്കിൻെറ ഒരു ടീം ഉദ്യോഗസ്ഥൻമാർ ഇവിടെവന്ന് കേരളാ ഗവൺമെൻറിനെ സഹായിക്കാമെന്നു പറഞ്ഞിരിക്കുകയാണ്. കേരളാ ഗവൺമെൻറും റിസർവ്വ് ബാങ്കും ടാക്സസ് ഡിപ്പാർട്ടുമെൻറും ചേർന്നാണ് ഇന്നത്തെ നിയമമനുസരിച്ച് ഇവരുടെ പേരിൽ നടപടിയെടുക്കേണ്ടത്. ഒരു ചെറിയ ഉദാഹരണം ഞാൻ പറയാം. മദ്രാസിൽ ഹെഡ് ഓഫീസും തിരുവനന്തപുരത്ത് രണ്ടു ശാഖയും ആയി പ്രവർത്തിക്കുന്ന മസ്കറ്റ് ഹോട്ടലിൻെറ അടുത്ത് 12 നില കെട്ടിടം പണിയുന്ന ആളുകൾ കഴിഞ്ഞ ആറുമാസക്കാലമായിട്ട് നിക്ഷേപകർക്ക് ഒരു രൂപയും പലിശ കൊടുത്തിട്ടില്ല. പോലീസ് അവരെ അറസ്റ് ചെയ്ത കേസ് എടുത്തുകൊണ്ടിരിക്കുകയാണ്. ഈ രാജ്യത്തെ ജനങ്ങളെ ചൂഷണത്തിന് വിധേയമാക്കിക്കൊണ്ടാണ് ഇവർ പ്രവർത്തിക്കുന്നത്. ഇവർക്ക് മൂന്നുമാസംമുതൽ മൂന്നുവർഷംവരെ തടവും 50,000 രൂപവരെ പിഴയും കൊടുക്കാമെന്ന വ്യവസ്ഥ ഇന്നത്തെ നിയമത്തിലുണ്ട്. ഇന്നത്തെ നിയമവ്യവസ്ഥകൊണ്ടുപോലും ഇവരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കാൻ പര്യാപ്തമല്ല എന്നുള്ളത് ഗവൺമെൻറ് മനസ്സിലാക്കുന്നുണ്ട്. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഏത് സ്വകാര്യ ബാങ്കിംഗ് വ്യവസായിയും നിയമപരമായി ഇവിടെ വ്യവസായം നടത്തുന്നതിന് എതിർപ്പില്ല. പക്ഷേ റിസർവ് ബാങ്ക്, നിശ്ചയിച്ചിരിക്കുന്ന നിയമമനുസരിച്ചുള്ള പലിശയിൽ കൂടുതൽ നിക്ഷേപകർക്ക് കൊടുക്കാൻ പാടില്ല. അതുപോലെതന്നെ ലെൻഡ് ചെയ്യുന്നതിനും റിസർവ് ബാങ്ക് നിശ്ചയിച്ചിരിക്കുന്ന പലിശയിൽ കൂടുതൽ കൊടുക്കാൻ പാടില്ല. റിസർവ് ബാങ്കും

LIBRARY ARCHIVES Kerala Legislative Assembly

ടാക്സസ് ഡിപ്പാർട്ടുമെൻറും കൂടി അഞ്ചു സഹകാര്യ ബാങ്കുകാരെ പുരിശോധിച്ചു. അപ്പോഴും അവർ എഴുതിവച്ചിരിക്കുന്ന റിക്കാർഡിൽ 12 ശതമാനവും 14 ശതമാനവുമാണ് പലിശ. അതേ കവനികരുതന്നെ മലയാള മനോരമ, മാതൃഭൂമി, ഇൻഡ്യൻ എക്സ്പ്രസ്, ഹിന്ദു തുടങ്ങിയ പത്രങ്ങളിൽ 30+3 ശതമാനം പലിശ കൊടുക്കാമെന്നു പറഞ്ഞ് ഫ്രണ്ട് പേജിൽ പരസ്യം ചെയ്തിട്ടുണ്ട്. അങ്ങനെയുള്ളവരെ യാതൊരു കാരണവശാലും രക്ഷപ്പെടാൻ ഈ ഗവൺമെൻറ് അനുവദിക്കുകയില്ല എന്നുള്ളതു ശക്തിയായി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതുപോലെ ശ്രീ. എം. വി. മാണി പറഞ്ഞ ഒരു സാമൂഹ്യ പശ്നം ഇതിൻെറ പിന്നിലുണ്ട്. ഞാൻ റിസർവ് ബാങ്ക് ഗവർണ്ണറുമായി ഈ കാര്യങ്ങളെക്കുറിച്ച് സംസാരിച്ചു. നാഷണൽ ബാങ്കുകളിലും കൊമേഴ്സ്യൽ ബാങ്കുകളിലും ജനങ്ങൾക്കു ബുദ്ധിമുട്ടില്ലാത്ത രീതിയിൽ അവർക്ക് വായ്പ കൊടുക്കാനുള്ള നയത്തിൽ അടിസ്ഥാനപരമായ മാറ്റം ഉണ്ടാകണം. ഞാൻ പ്രവർത്തിക്കുന്ന സഹകരണ മേഖലയോട് ഇത് ആവശ്യപ്പെട്ടിട്ടുണ്ട്. 1600 സർവ്വീസ് സഹകരണ ബാങ്കുകളും അർബൻ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കിൻെറ 265 ശാഖകളും സ്വർണ്ണപണയമടക്കമുള്ള വായ്പയിൽ കാര്യമായ മാറ്റം വരുത്താനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഈ സഹകാര്യബാങ്കിംഗ് വ്യവസായികളോട് ഗവൺമെൻറ് ആവശ്യപ്പെടുന്നത് യാതൊരുകാരണവശാലും നിയമവിരുദ്ധമായി പ്രവർത്തിച്ചുകൊണ്ട് ഈ സംസ്ഥാനത്ത് വ്യവസായം നടത്തരുതെന്നാണ്. അതിനുവേണ്ടി കർശനമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

(8) വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടേയും സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇന്നേ ദിവസം കേരളത്തിലെ വിദ്യാർത്ഥികളും രക്ഷാകർത്താക്കളും ഈ സെക്രട്ടേറിയറ്റിലേക്ക് മാർച്ച് ചെയ്യുകയാണ്. അവരുടെ മുഖ്യമായ ആവശ്യങ്ങൾ പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരത്തെതുടർന്ന് വിദ്യാർത്ഥികളുടെ പേരിൽ എടുത്തിട്ടുള്ള സത്യസന്ധമല്ലാത്ത എല്ലാ ക്രിമിനൽകേസുകളും പിൻവലിക്കുക, അതുപോലെ കേരളാ യൂണിവേഴ്സിറ്റി പ്രസിദ്ധപ്പെടുത്തിയ പ്രീഡിഗ്രി പരീക്ഷാഫലം റദ്ദാക്കുക എന്നിവയാണ്. ആദ്യത്തെ പരീക്ഷാഫലത്തിൽ തോറ്റവർ, രണ്ടാമത്തെ പരീക്ഷാഫലത്തിൽ ജയിച്ചു. തോറ്റവർ ഒന്നാം ക്ലാസിൽ ജയിച്ചു. ഇങ്ങനെ അത്ഭുതകരമായിട്ടുള്ള ഒരു പരീക്ഷാഫലമാണ് കേരള യൂണിവേഴ്സിറ്റിയും ഗാന്ധിജി യൂണിവേഴ്സിറ്റിയും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. അത് റദ്ദാക്കുക, വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും പേരിൽ എടുത്തിട്ടുള്ള പ്രതികാര നടപടികൾ അവസാനിപ്പിക്കുക. അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ അന്യായമായ സ്ഥലമാറ്റം റദ്ദാക്കുക എന്നീ ആവശ്യങ്ങൾ മുൻനിറുത്തിയാണ് സെക്രട്ടേറിയറ്റ് മാർച്ച് ഇന്ന് നടക്കുന്നത്. ഈ ഗവൺമെൻറ് ഇതേവരെ നേരത്തെ സമര സമിതിയുമായി എടുത്ത തീരുമാനം നടപ്പിലാക്കിയിട്ടില്ല. അതുപോലെ വിദ്യാർത്ഥികളുമായി നടത്തിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടില്ല. മാത്രവുമല്ല കേരള യൂണിവേഴ്സിറ്റിയുടെ സസ്പെൻഡ് ചെയ്ത സിൻഡിക്കേറ്റിനെ തിരിച്ചെടുത്തിട്ടില്ല. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly